(ഇ) മോണിറ്റർ ചെയ്യുവാൻ പ്രത്യേക കമ്മിറ്റി ഉണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ അവയുടെ പ്രവർത്തനം വിശദീകരിക്കുമോ ?

ഉത്തരം

(എ) ഭൂരഹിത ഭവനരഹിത പട്ടികവിഭാഗത്തിന് ഭൂമി വാങ്ങി വീട് നിർമ്മിക്കുന്ന പദ്ധതി നിലവിലില്ല. എന്നാൽ ഭൂരഹിതർക്ക് ഭൂമി വാങ്ങുന്ന ഒരു പദ്ധതി നിലവിലുണ്ട്. ഈ പദ്ധതിപ്രകാരം ഗ്രാമപ്രദേശങ്ങളിൽ 1950O രൂപ ക്രമത്തിലും നഗരപ്രദേശങ്ങളിൽ 20,000 രൂപ ക്രമത്തിലും കോർപ്പറേഷൻ പ്രദേശത്ത് 25,000 രൂപ ക്രമത്തിലും ധനസഹായം അനുവദിച്ചുവരുന്നു. 2002-03-ൽ (4015 പേർക്ക് ഈ പദ്ധതിക്ക് ധനസഹായം നല്കിയിട്ടുണ്ട്. 2002-03-ൽ ഭവനനിർമ്മാണത്തിനായി 70,000 രൂപ നിരക്കിൽ 1381S വീടുകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ 2001-02-ൽ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് വീട് വയ്ക്കുന്നതിന് 35,000 രൂപ നിരക്കിൽ 4318 വീടുകളും അനുവദിച്ചിട്ടുണ്ട്.

(ബി&സി) ബാധകമല്ല.

(ഡി) ഇല്ല.

(ഇ) ഇല്ല.

(എഫ്) ഉദിക്കുന്നില്ല.

തൃക്കരിപ്പൂർ പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ

157 (2436) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിൽ തൃക്കരിപ്പൂർ മണ്ഡലത്തിൽ പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ പീലിക്കോട് ഗ്രാമപഞ്ചായത്ത് വക 5.18 ഏക്കർ ഭൂമിയിൽ എം.ആർ.എസ്. സ്ഥാപിക്കുന്നതിനുള്ള പ്ലാനും എസ്റ്റിമേറ്റും അയച്ചു തരുന്നതിന് ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം

158 (2437) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ സാമൂഹ്യ സന്നദ്ധ സംഘടനകളുടെ സേവനം ലഭ്യമാക്കാൻ പ്രത്യേക നടപടികൾ കൈക്കൊള്ളുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

പഠനവും കാരണവും ഒരുമിച്ച് പ്രദാനം ചെയ്യുന്ന സ്ഥാപനമാണ് മോഡൽ റസിഡൻഷ്യൽ സ്കൂൾ. വിദ്യാർത്ഥികളുടെ വിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും ആധുനിക ശാസ്ത്ര പുരോഗതി സേവന മനോഭാവം സ്വഭാവ രൂപീകരണം എന്നിവ പരിപോഷിപ്പിക്കുന്നതിനും തയ്യാറുള്ള സന്നദ്ധ സംഘടനകൾ മുന്നോട്ടു വന്നാൽ നടപടി കൈക്കൊള്ളുന്നതാണ്.

നൂറനാട് റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം

159 (2438) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട നിയോജകമണ്ഡലത്തിലെ നൂറനാട് പട്ടികജാതി-പട്ടികവർഗ്ഗ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി ഒരു റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ ;

(സി) പട്ടികജാതി സമുദായത്തിലെ വിദ്യാർത്ഥികൾക്കായി ഇത്തരം കൂടുതൽ സ്കൂൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വകുപ്പുതലത്തിൽ പ്രൊപ്പോസൽ രൂപപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

(സി) നിലവിലുള്ള സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുമാണ് ഇപ്പോൾ മുൻഗണന നല്കുന്നത്.

ഗവ. പോസ്റ്റുമെട്രിക് ഹോസ്റ്റലിലെ പട്ടിണിയിലായ അന്തേവാസികൾ

160 (2439) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിൽ പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് പോസ്റ്റുമെട്രിക് ഹോസ്റ്റലിലെ അന്തേവാസികൾ ഭക്ഷണം ലഭിക്കാതെ പട്ടിണിയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ പ്രശ്നം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) ഹോസ്റ്റൽ മെസ്സിലേക്ക് ഭക്ഷ്യധാന്യങ്ങൾ വാങ്ങിയ വകയിൽ കുടിശ്ശിക തുക നല്കാനുണ്ടോ ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) വിദ്യാർത്ഥികൾക്ക് നല്കിവരുന്ന ചോക്കറ്റ്മണി തുകയിൽ എത്ര മാസത്തെ കുടിശ്ശികയുണ്ടെന്ന് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly